**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2474** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ; | (എ) | ഗ്രാമീണ ടൂറിസം സാധ്യതകൾ കണ്ടെത്തി, അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടത്തി വരുന്നു. ഗ്രാമീണ മേഖലയിലെ പ്രാദേശിക ജന സമൂഹത്തെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നു. ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് അവർക്ക് അധിക വരുമാനം ലഭ്യമാക്കുക, നമ്മുടെ തനതു സംസ്കാരം, കല, പാരമ്പര്യ തൊഴിലുകൾ, ഉപജീവന മാർഗ്ഗങ്ങൾ, ഭക്ഷണ രീതികൾ എന്നിങ്ങനെയുള്ള അന്യം നിന്ന് പോയിക്കൊണ്ടിരിക്കുന്ന ഗ്രാമീണ ജീവിത രീതികൾ ടൂറിസത്തിലൂടെ സംരക്ഷിക്കുക, അതോടൊപ്പം തന്നെ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുക എന്നുള്ള ലക്ഷ്യത്തോടെ അവർക്ക് പരിശീലനം നൽകുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്നു. ഗ്രാമീണ ടൂറിസം മേഖലക്കു പ്രാധാന്യം നൽകികൊണ്ടുള്ള താഴെ പറയുന്ന വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ഡിസൈൻ ചെയ്തു, പ്രൊമോട്ട് ചെയ്യുന്നുണ്ട്. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ നേറ്റീവ് എക്സ്പീരിയൻസ് പാക്കേജുകൾ കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ കാർബൺ ന്യൂട്രൽ പാക്കേജുകൾ ഫാം വിസിറ്റ് പാക്കേജുകൾ സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ |
| (ബി) | വടക്കേ മലബാറിലെ വാഴമല, കനകമല, കണ്ണവം, മയ്യഴിപ്പുഴ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുതിയൊരു ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ